ഡിപ്പാർട്ടുമെന്റ് ഹെഡ്ഡുമാണു്. അതുകൊണ്ടാണു് വിവരം ശേഖരിക്കാൻ താമസം നേരിടുന്നതു്.

ശ്രീ. എം. രാമണ്ണി : തിരിച്ചടക്കാൻ ഉത്തരവായതു് ഫൈനാൻസു മിനിസ്റ്റാണോ, സപ്ലൈസിന്റെ ചാർജ്ജുവഹിക്കുന്ന മിനിസ്റ്റർ ആണോ ?

ശ്രീമതി. കെ. ആർ. ഗൗരി : റവന്യൂബോർഡാണു കേസു് ഡിസ്പോസു ചെയ്തു നടപടി സ്വീകരിച്ചതു്. ട്രഷറി ഇപ്പോൾ ഫൈനാൻസിന്റെ കീഴിലാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പണാപഹരണം നടത്തിയെന്ന കേസിനു വിധേയരായ ആളെ തിരിയെ എടുക്കാൻ കോടതി ഉത്തരവു പുറപ്പെടുവിച്ചാൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ ?

ശ്രീമതി കെ. ആർ. ഗൗരി : രേഖാമൂലമായ കാര്യമൊന്നും പറയരുതു്, ഉടൻ കഴിപ്പുമാവും.

## ഔദ്യോഗികഭാഷ നിയമനിർമ്മാണ കമ്മീഷൻ

* 181. [675] ശ്രീ. പി. പി. ജോർജ്ജു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗികഭാഷ നിയമനിർമ്മാണ കമ്മീഷൻ നിയമപട്ടികയും നിയമതർജ്ജിമയും തയ്യാറാക്കിക്കഴിഞ്ഞുവോ ;

(ബി) കോടതികളിൽ ഔദ്യോഗികഭാഷ മലയാളമാക്കാനുള്ള നടപടികളും എത്രത്തോളം പുരോഗമിച്ചുവെന്ന വിശദമാക്കാമോ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ശബ്ദാവലി തയ്യാറാക്കികൊണ്ടിരിക്കുകയാണു്. ഇൻഡ്യയുടെ രേണഘടനയുടെ തർജ്ജിമ തീരാറായിക്കഴിഞ്ഞു.

(ബി) ഡിസ്ട്രിക്റ്റു സെഷൻസു് കോടതികളും ഉൾപ്പെടെയുള്ള എല്ലാ കീഴ്ക്കോടതി നടപടികളും ഇംഗ്ലീഷിലോ മലയാളത്തിലോ ആണു് നടക്കുന്നതു്. എല്ലാ കോടതികളിലും പൊതുവേ സാക്ഷിവിസ്താരം നടത്തുന്നതിനു പ്രാദേശിക ഭാഷ (മലയാളം) ഉപയോഗിക്കുന്നുണ്ടു്. എന്നാൽ കാസർകോടു് മുൻസിഫു് കോടതിയിൽ കർണ്ണാടകവും നടപടിക്രമങ്ങൾക്കു് സ്വീകരിച്ചിട്ടുണ്ടു്. തെളിവുകളും മലയാളത്തിലാണു് രേഖപ്പെടുത്താറുള്ളതു്. എന്നാൽ ഏതാനും ചില പ്രിസൈഡിംഗു് ആഫീസർമാർക്കു് ഇംഗ്ലീഷിൽ തെളിവുകളും രേഖപ്പെടുത്താനും അവകാശം നൽകിയിട്ടുണ്ടു്. വിധിന്യായങ്ങളും കല്പനകളും മിക്കവാറും ഇംഗ്ലീഷിലേ രേഖപ്പെടുത്താറുള്ളു. എന്നാൽ വിധികളും രേഖപ്പെടുത്തുന്നതു തിരു—കൊച്ചി ഭാഗത്തു് മലയാളത്തിലും മലബാർ പ്രദേശത്തു് ഇംഗ്ലീഷിലുമാണു്. മലയാളത്തിലുള്ള വിധികളും ഹൈക്കോടതിയുടെ ആവശ്യത്തിനായി ഇപ്പോൾ പരിഭാഷപ്പെടുത്താറില്ല. അതിനുള്ള നടപടികളും നിലവിലില്ല. കൂടാതെ അതിനായി പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിക്കേണ്ടതായും വരും. കോടതികളിലെ എല്ലാ ഔദ്യോഗിക നടപടികളും പൂർണ്ണമായും പ്രാദേശിക ഭാഷകളിലാക്കുന്നതിനുള്ള സമയം ആയില്ല എന്നാണു് ഹൈക്കോടതിയുടെ അഭിപ്രായം.

ശ്രീ. പി. പി. ജോർജ്ജു് : കമ്മീഷന്റെ അംഗങ്ങളും ആരാണെന്നും കമ്മീഷന്റെ പ്രവർത്തനം എന്നത്തേക്കു് പൂർത്തിയാകുമെന്നും പറയാമോ ?

ശ്രീമതി. കെ. ആർ. ഗൗരി : കമ്മീഷന്റെ പ്രവർത്തനം എന്നത്തേയ്ക്കു് പൂർത്തിയാകുമെന്നു ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല. അവരുടെ ജോലിയായിട്ട

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുള്ളതു് ഇൻഡ്യയിലെ ആകെ റൂകം കേരളത്തിനെ ബാധിക്കുന്നവയും അവയുടെ റൂളുകളും റെഗുലേഷൻസുകളും അതുപോലെ ഓർഡിനൻസുകളും തജ്ജിമ ചെയ്യുക, നിയമാവലിക്കാവശ്യമായ പദങ്ങളും തയാറാക്കുക എന്നിവയാണു്. അതു ചെയ്തുകഴിഞ്ഞാൽ മാത്രമേ കമ്മീഷന്റെ ജോലി പൂർണ്ണമാകുകയുള്ളു, അതു എന്നത്തേക്കു് പൂർത്തിയാകുമെന്നു ഇപ്പോഴും പറയുവാൻ സാധിക്കുകയില്ല. അതിലെ അംഗങ്ങളും— ശ്രീ. എം. പ്രഭ, ലാ സെക്രട്ടറിയായിരുന്ന റിട്ടയർ ചെയ്ത ശ്രീ. ഇളയതു്, ഡിസ്ട്രിക്റ്റു് ജഡ്ജിയായിരുന്ന റിട്ടയർ ചെയ്ത മി. ഭാസ്കരമേനോൻ.

ശ്രീ. കെ. കെ. അബു: കോടതിഭാഷ പ്രാദേശികഭാഷയാക്കുവാൻ സമയമായിട്ടില്ല എന്നു ഹൈക്കോടതി അഭിപ്രായപ്പെട്ടതായി പറയുകയുണ്ടായി. എന്നാണു് അതിനു സമയം ആകുക? ഹൈക്കോടതിയുടെ അഭിപ്രായത്തോടു് സ്റ്റേറ്റു ഗവണ്മെന്റു് യോജിക്കുന്നുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി : യോജിച്ചാലും ഇല്ലെങ്കിലും കഴിയുന്നതും മലയാളത്തിലാക്കണമെന്നു പറഞ്ഞിട്ടുണ്ടു്. നമ്മളും അതിനൊരു നിയമവും പാസ്സാക്കിയിട്ടുണ്ടു്. ഇതൊക്കെയാണെങ്കിലും അതു നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുണ്ടു്. എല്ലാ നിയമങ്ങളും ഔദ്യോഗികഭാഷയിൽ ആക്കി തജ്ജിമചെയ്തു ഗവർണ്ണരുടെ അംഗീകാരം വാങ്ങിക്കുവാൻ നമുക്കു് സാധിച്ചിട്ടില്ല. അതുപോലെതന്നെ രേണഘടന തജ്ജിമ ചെയ്തു പ്രസിഡൻറിന്റെ അംഗീകാരം വാങ്ങുവാൻ സാധിച്ചിട്ടില്ല. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകളും ഉള്ളപ്പോൾ ഹൈക്കോടതി സമയമായില്ല എന്നു പറയുമ്പോഴും സമയമായി എന്നു പറയുവാൻ ഗവണ്മെൻറിനു സാധിക്കുകയില്ല. ഹൈക്കോടതിയിലും മലയാള ഭാഷ ഉപയോഗിക്കണമെന്നാണു് ഗവണ്മെൻറു നയം.

ശ്രീ. കെ. കെ. അബു: ഇവിടെ ഒരു നിയമം ഇതിലേയ്ക്കു് പാസ്സാക്കിയിട്ടുണ്ടെന്നു പറഞ്ഞു. അതു ഇംഗ്ലീഷിലോ മലയാളത്തിലോ ആകാമെന്നുള്ളതിനാണു്. അങ്ങനെയുള്ളപ്പോൾ ഇംഗ്ലീഷിലാകാം എന്നും അതഥം വരുമല്ലോ? അതുകൊണ്ടു് മറ്റു സ്റ്റേറ്റുകളിൽ പ്രാദേശികഭാഷ വേണമെന്നു അനുശാസിക്കുന്ന നിയമങ്ങളും കൊണ്ടുവന്നിട്ടുള്ളതുപോലെ ഇവിടെയും പ്രാദേശികഭാഷ വേണമെന്നുള്ളതിനു ഒരു ബിൽ കൊണ്ടുവരുമോ?

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ ഡൽഹിയിൽ പോയപ്പോഴും എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു ഭരണഘടനതന്നെ പ്രാദേശികഭാഷയിൽ തജ്ജിമ ചെയ്തു ഏതാണ്ടു പൂർത്തിയാക്കുവാൻ സാധിച്ചിട്ടുള്ളതു നമ്മുടെ സംസ്ഥാനത്തു മാത്രമാണു്. അതുകൊണ്ടു അതു ആദ്യം റിലീസു് ചെയ്യുവാൻ നമുക്കായിരിക്കും സാധിക്കുക. എല്ലാ സംസ്ഥാനങ്ങളിലും ഉള്ള റൂളുകളും ആക്റ്റുകളും അതാതു സംസ്ഥാനത്തെ ഭാഷയിൽതന്നെയാണു് പ്രസിദ്ധീകരിക്കുന്നതെന്നോ നിയമങ്ങളും മറ്റും കൈകാര്യം ചെയ്യുന്നതു് ഇംഗ്ലീഷിലായിരിക്കണമോ അതോ മലയാളത്തിലായിരിക്കണമോ എന്നും മറ്റുമുള്ള കാര്യം മറ്റു സംസ്ഥാനങ്ങളിലെ കാര്യം നോക്കാതെ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ : തിരു-കൊച്ചി പ്രദേശത്തു നടപ്പിലുള്ളതുപോലെതന്നെ മലബാർ പ്രദേശത്തും കോടതിവിധികളും മലയാളത്തിലാക്കുവാൻ നടപടിസ്വീകരിക്കുമോ?

ശ്രീമതി. കെ. ആർ. ഗൗരി : അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. എസ്. ദാമോദരൻ : ഹൈക്കോടതിയിലും മറ്റും ഉപയോഗിക്കുന്ന ഭാഷ സാധാരണക്കാർക്കു എളുപ്പം മനസ്സിലാക്കുവാൻ വേണ്ടി മലയാളത്തിലാക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : സബ്കോടതി മുതൽ കീഴോട്ടുള്ള കോടതികളിൽ എല്ലാം മലയാളത്തിൽ നടത്താൻ വ്യവസ്ഥയുണ്ട്. ജൂഡീഷ്യറി എന്നു പറയുമ്പോൾ ചില കാര്യങ്ങളിലെല്ലാം ചില അധികാരങ്ങൾ അവർക്കുണ്ട്. ഹൈക്കോടതി മാത്രമാണ് നിർബന്ധമായിട്ട് ഇംഗ്ലീഷിൽ നടപടികൾ നടത്തുന്നത്. മറ്റുള്ളടത്തെല്ലാം ഇംഗ്ലീഷോ മലയാളമോ എന്തു വേണമെങ്കിലും ആകാം എന്നാണ്, സാധാരണ കോടതിയിൽ ചെന്നാൽ വക്കീലന്മാർ ഇംഗ്ലീഷിൽ ഉച്ചത്തിൽ പറയുന്നതു കേട്ട് അതെല്ലാം ശരിയാണെന്ന സമ്മതിച്ചുപോരുകയാണ് സാധാരണക്കാർ. എന്തായാലും ഇവിടെ മലയാളത്തിൽ നടപടികൾ നടത്തണമെന്നുള്ള ആവശ്യത്തിന്റെ പേരിലാണ് ലാ കമ്മീഷനെ അപ്പോയിന്റു ചെയ്തിട്ടുള്ളതു്. വേഗം നടപ്പിലാക്കുവാൻ നടപടി എടുക്കുന്നതാണ്.

ശ്രീ. ബി. മാധവൻ നായർ : ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും പ്രാദേശിക ഭാഷ ഉപയോഗിക്കണമെന്നുള്ള തത്വം ഉദ്യോഗസ്ഥന്മാർ നിർബന്ധമായി പാലിക്കണമെന്ന കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഉയർന്ന ഉദ്യോഗസ്ഥന്മാർ തുടങ്ങി താഴോട്ടുള്ള നിരവധി ഉദ്യോഗസ്ഥന്മാർക്ക് മലയാളം അറിഞ്ഞുകൂടാത്തതായിട്ടുണ്ട്. അതുകൊണ്ട് ചുരുങ്ങിയ കാലയളവിനുള്ളിൽ മാതൃഭാഷ ഉപയോഗിക്കുന്നതിനു നിർബന്ധമായിട്ടുള്ള നിർദ്ദേശങ്ങൾ നൽകുമോ?

ശ്രീമതി കെ. ആർ. ഗൗരി : നമ്മുടെ സംസ്ഥാനങ്ങളിൽ കൊടുത്തിരിക്കുന്ന ഉത്തരവുപോലെതന്നെയാണ് മറ്റു സംസ്ഥാനങ്ങളിലെ ഉത്തരവുകളും എന്നാണ് ഞാൻ വിശ്വസിക്കുക. ഇവിടെ ഇപ്പോഴും ഐ. എ. എസ്. പാസ്സായിവരുന്ന ഉദ്യോഗസ്ഥന്മാർക്കുപോലും പ്രാദേശികഭാഷയിലുള്ള ടെസ്റ്റ് പാസ്സാകണമെന്ന നിബന്ധനയുണ്ട്. ടെസ്റ്റു പാസ്സായതായിട്ട് കാണുന്നുമുണ്ട്.

ശ്രീ. ഇ. അഹമ്മദ് : ഭരണഘടന ഇനിയും തർജ്ജിമ ചെയ്തു കഴിഞ്ഞിട്ടില്ല. ഈ നിയമസഭയിൽ ബഡ്ജറ്റവതരിപ്പിക്കുന്നതിനുമുമ്പ് സത്യപ്രതിജ്ഞ ഏർപ്പെടുത്തണം. സത്യപ്രതിജ്ഞയുള്ള വാചകം മലയാളത്തിൽ തർജ്ജിമ ചെയ്തുണ്ട്—അതു ആരു തർജ്ജമ ചെയ്തു എന്നറിഞ്ഞുകൂടാ—അതു ശരിയാണെന്ന അഭിപ്രായമില്ല. അതിൽ സോവർനിറ്റി എന്ന ഇംഗ്ലീഷ് പദത്തിനു പ്രഭുത്വം എന്നാണ് തർജ്ജിമ ചെയ്തിരുന്നതു്. ഇങ്ങനെയുള്ള തർജ്ജിമയാണോ ലാ കമ്മീഷനിൽനിന്നും ഉണ്ടാകുന്നതെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീമതി കെ. ആർ. ഗൗരി : അതു ഇവിടത്തെ ലാ കമ്മീഷൻ തർജ്ജിമ ചെയ്തതല്ല വലിയ വിദഗ്ദ്ധന്മാരുടെ, മലയാളത്തിൽ വലിയ പാണ്ഡിത്യം ഉള്ള ആളുകളെകൊണ്ടുള്ള ഒരു സെൻട്രൽ ലാ കമ്മീഷന്റെ തർജ്ജിമകൊണ്ടാണ് ഈ പ്രഭുത്വവും ദുഷ്പ്രഭുത്വവും എന്ന വാക്കു വന്നതു്. ഇവിടത്തെ ലാകമ്മീഷൻ അങ്ങനെയുള്ളതല്ല. അതുകൊണ്ടാണ് ശബ്ദാവലി തയാറാക്കുന്നതിനു സാവകാശം വേണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതു്. ഏതായാലും ആദ്യം അതു പ്രസിദ്ധീകരിക്കുക, അതു വന്നു കഴിഞ്ഞതിനുശേഷം കുറെക്കൂടി ലളിതമാക്കുവാൻ ശ്രമിക്കാം.

ശ്രീ. കെ. എം. ജോർജ്ജ് : കോടതിയിൽ സാധാരണക്കാർക്ക്, മലയാളത്തിൽ പറഞ്ഞാലും ഇംഗ്ലീഷിൽ പറഞ്ഞാലും കാര്യങ്ങൾ മനസ്സിലാകുകയില്ലെന്നും വക്കീലന്മാർ പറയുന്ന സംഗതികൾ അവർ ഉച്ചത്തിൽ പറയുന്നതു കേട്ട് അതു ശരിവയ്ക്കുകയാണെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് സ്വന്ത അനുഭവത്തിൽ നിന്നും പറഞ്ഞതാണോ, അതോ മറ്റാരെങ്കിലും അങ്ങനെ പരാതിപ്പെട്ടിട്ടുണ്ടോ ? ഞങ്ങളാരും കോടതിയിൽ ഉച്ചത്തിൽ സംസാരിക്കാറില്ല.

ശ്രീമതി കെ. ആർ. ഗൗരി : സ്വന്തം അനുഭവം പറയുകയാണെങ്കിൽ ഞാൻ ഹൈക്കോടതിയിൽ പോയിട്ടില്ല. ഞാൻ ഇംഗ്ലീഷിന്റെ കാര്യമെ പറഞ്ഞുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

കക്ഷികൾക്ക് മലയാളവും ഇംഗ്ലീഷും അറിഞ്ഞുകൂടാ എന്നു പറഞ്ഞിട്ടില്ല. മലയാളം എന്നതു ശ്രീ. ജോർജ്ജ് കൂട്ടിച്ചേർത്തതാണു്. ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത ചില കക്ഷികൾ, വക്കീലന്മാർ ഇംഗ്ലീഷിൽ കേസു വദിക്കുന്നതു കേട്ടു് പുറകിൽനിന്നു തലയാട്ടുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. കേസു തള്ളിയതായിട്ടും ചിലപ്പോൾ കാണാം. അതുകൊണ്ടു ഞാൻ പറഞ്ഞതാണു്.

ശ്രീ. സി. എസ്. നീലകണ്ഠൻനായർ : ലാകമ്മീഷന്റെ പ്രവർത്തനത്തിനു വളരെയധികം തടസ്സമായിട്ടു നിൽക്കുന്നതു് ആവശ്യത്തിനുള്ള സ്റ്റാഫ് കിട്ടാത്തതു കൊണ്ടാണെന്നറിയുന്നു. അവിടെ ഗവണ്മെന്റു നേരിട്ടു അപ്പോയിന്റു ചെയ്യുന്നതു കൊണ്ടു പല ആളുകളും അതിൽ പ്രവർത്തിക്കുവാൻ ഉത്സാഹം കാണിക്കുന്നില്ല. അതു കൊണ്ടു ഇതിനു ആവശ്യമായ സ്റ്റാഫിനെ തെരഞ്ഞെടുത്തു അയക്കുന്നതിനുള്ള അധികാരം ലാ ഡിപ്പാർട്ടുമെന്റിനു നൽകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : ലാ കമ്മീഷനു സൂപ്പർവൈസു് ചെയ്യാൻ കഴിയുന്ന സ്റ്റാഫ് പകൊടുത്തൽ മതി എന്നാണു് ഗവണ്മെന്റിന്റെ അഭിപ്രായം. വളരെയധികം സ്റ്റാഫ് ഉണ്ടു കുകയാണെങ്കിൽ അവരെ സൂപ്രവൈസു ചെയ്യാൻ law കമ്മീഷനു സാധിക്കുകയില്ല, ഗവണ്മെന്റിനു വളരെയധികം പണവും ചെലവാകും. ലാ ഡിപ്പാർട്ടുമെന്റിൽനിന്നും അവിടെ വരുന്നവർ അവർക്കു ഡിപ്പാർട്ടുമെന്റിൽ പ്രമോഷൻ വരികയാണെങ്കിൽ അങ്ങോട്ടു പോകും. ഏതായാലും ഇവിടേയ്ക്കു വരുന്ന സ്റ്റാഫുകളെ ഒരു കാലപരിധിവരെ അവിടെനിന്നും മാറരുതെന്നു നിബന്ധനയുണ്ടു്. അവിടെ പ്രമോഷൻ ഇവർക്കു വരികയാണെങ്കിൽ അതു ഇവിടേയും കൊടുക്കുക എന്നതത്വമാണു് സ്വീകരിച്ചിട്ടുള്ളതു്. കൂടുതൽ staff, ഉള്ള staff ഒരു കൊല്ലം പ്രവർത്തിച്ചു കഴിഞ്ഞതിനുശേഷം മതി എന്നാണു് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നതു്. ലാ ഡിപ്പാർട്ടുമെന്റാണു് സ്റ്റാഫിനെ നിയമിക്കുന്നതു്. ഇതു ശമ്പളത്തിനു മുകളിലുള്ളതു് Public dept. ആണു് appoint ചെയ്യുന്നതു്.

## കൃഷിമന്ത്രിയുടെ പേരിൽ അഴിമതിയാരോപണം

* 182. [676] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും വിദ്യുച്ഛക്തിയുംമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പു മന്ത്രിയുടെ മേൽ ഗുരുതരമായ അഴിമതി ആരോപണങ്ങളും ഉന്നയിച്ചുകൊണ്ടു് ഒരു മെമ്മോറാണ്ടം ചില ഭരണകക്ഷി എം. എൽ.എ.മാർ ഗവണ്മെന്റിനു് സമർപ്പിച്ചിട്ടുള്ളതായി കൃഷിമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഇക്കാര്യത്തിൽ എന്തു നടപടികളാണു് കൃഷിമന്ത്രി കൈക്കൊണ്ടിട്ടുള്ളതു് ?

കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി (ശ്രീ. എം. എൻ. ഗോവിന്ദൻ നായർ):

(എ) ഉണ്ടു്.

(ബി) ഗവണ്മെന്റു എന്തു നടപടികളും എടുക്കുന്നുവെന്നതിനെ ആശ്രയിച്ച ഉചിതമായ നടപടികളെടുക്കും.

ശ്രീ. കെ. കരുണാകരൻ : ഗവണ്മെന്റു ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികളും നടത്തണമെന്നു ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെട്ടിട്ടുണ്ടോ ? ഇതിൽ ഗവണ്മെന്റു് എന്തു തീരുമാനമാണു് കൈക്കൊണ്ടിട്ടുള്ളതെന്നു് പറയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതിനെപ്പറ്റി ഒരു തീരുമാനവും എടുത്തിട്ടില്ല.

ശ്രീ. കെ. കരുണാകരൻ : എന്താണു് ഇതിലൊരു തീരുമാനം എടുക്കുന്നതിനു് കാലതാമസം നേരിടുന്നതു് ? ബഹുമാനപ്പെട്ട മന്ത്രി അന്വേഷണത്തിനു് വിധേയ

LIBRARY ARCHIVES Kerala Legislative Assembly